# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5386** **18/11/2019-ന് മറുപടിക്ക്**

## ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ബാബു:** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇപ്പോഴും ഇംഗ്ലീഷിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിനു വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം തിരുത്തൽനടപടികൾ കൈക്കൊള്ളുന്നതിന് കർശനനിർദ്ദേശം നൽകിവരുന്നു. |
| (ബി) | സംസ്ഥാനത്ത് മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കുന്നതിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ? | (ബി) | ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് 1957 ലാണ്. 1969 ൽ കേരള ഔദ്യോഗികഭാഷകൾ നിയമം പാസ്സാക്കി. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണസ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19/01/2015-ാം തീയതിയിലെ എസ്.ആർ.ഒ നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ